**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1177** **07-12-2022 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. എൻ.കെ. അക്ബർ,<br>ശ്രീ ഐ ബി സതീഷ്,<br>ശ്രീ. എ. പ്രഭാകരൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ഈ വർഷം അവസാനിക്കുന്നതിന് മുമ്പായി ജൽജീവൻ മിഷന്റെ ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയും വിധം മിഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതിനിർവ്വഹണത്തിനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർമാർ അദ്ധ്യക്ഷരായ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ നിലവിലുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ബന്ധപ്പെട്ട ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുകൾ തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.<br>ജല ജീവൻ മിഷൻ പദ്ധതി നിർവ്വഹണ മേൽനോട്ടത്തിനായി സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായ സ്റ്റേറ്റ് വാട്ടർ ആന്റ് സാനിറ്റേഷൻ മിഷനും പദ്ധതിയുടെ പുരോഗതി തുടർച്ചയായി അവലോകനം നടത്തുന്നുണ്ട്.<br>മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. ജല വിഭവ വകുപ്പ് മന്ത്രി ജില്ലകൾ തോറും നേരിട്ട് എം.എൽ.എ മാരുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും മീറ്റിങ്ങുകൾ വിളിച്ചു ചേർത്ത് ജല ജീവൻ മിഷൻ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തി പദ്ധതിപ്രവർത്തനങ്ങൾ സുഗമമായി നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നുണ്ട്. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്ര സർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. ഇതു കൂടാതെ പദ്ധതി നിർവ്വഹണത്തിന്റെ വിവിധതലങ്ങളിൽ നിരന്തരം അവലോകനയോഗങ്ങൾ നടത്തി തടസ്സങ്ങൾ |

| | | | |
|---|---|---|---|
| | | | യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.<br>കൂടാതെ, പദ്ധതിനിർവ്വഹണത്തിന്റെ ഏകോപനത്തിനായി ഒരു സ്റ്റേറ്റ് പ്രോജെക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ച് അതുവഴി പദ്ധതിപുരോഗതി നിരന്തരം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>ഇതിനുപുറമെ പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട പുരോഗതിയും തടസ്സങ്ങളുമുൾപ്പെടെയുള്ള വിവരങ്ങൾ പൊതുജനങ്ങൾക്കും പ്രാപ്യമായ രീതിയിൽ, കേരള വാട്ടർ അതോറിറ്റിയുടെയും കേന്ദ്രസർക്കാറിന്റെയും വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്.<br>മേൽപ്പറഞ്ഞ സംവിധാനങ്ങളിലൂടെയും നടപടികളിലൂടെയും പദ്ധതിനിർവ്വഹണത്തിൽ നേരിടുന്ന തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി 2024 ഓടു കൂടി പൂർത്തീകരിക്കാനുള്ള നടപടികളാണ് പുരോഗമിച്ചു വരുന്നത്. |
| (ബി) | ആകെ എത്ര ഗ്രാമ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാനാണ് പദ്ധതിയിട്ടിരുന്നത്; നിലവിൽ എത്ര ജില്ലകളിൽ പണി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും 2024 ഓടുകൂടി ഗാർഹിക കുടിവെള്ള കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് ജല ജീവൻ മിഷൻ പദ്ധതി. ഇതിനോടകം സംസ്ഥാനത്തെ 36 ഗ്രാമപഞ്ചായത്തുകളിൽ 100% കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ പ്രവൃത്തികൾ പൂർത്തീകരിച്ച ജില്ലകളില്ല. |
| (സി) | പ്രതികൂല കാലാവസ്ഥയും ഭൂമി ലഭ്യത ഉൾപ്പെടെ പ്രാദേശികമായുണ്ടാകുന്ന പ്രശ്നങ്ങളും പദ്ധതി പ്രവർത്തനത്തെ മന്ദീഭവിച്ചിട്ടുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | പദ്ധതിയുടെ കാര്യക്ഷമമായ പുരോഗതി ഉറപ്പാക്കുന്നതിന് മന്ത്രിയുടെ ഓഫീസിൽ പ്രത്യേക സെൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ജൽ ജീവൻ മിഷൻ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുന്നതിനും അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനുമായി ഒരു മോണിറ്ററിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ